കേടായ കടൽഭിത്തിയുടെ അറ്റകുറ്റപ്പണി

184 [1871] ശ്രീ. ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം തടയാൻ നിർമ്മിച്ചിട്ടുള്ള കടൽഭിത്തി തകർന്ന സ്ഥലങ്ങളിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം എന്നറിയിക്കാമോ;

(സി) കല്ലായി അഴിയുടെ അയൽ പ്രദേശങ്ങളായ കോതി, പള്ളിക്കണ്ടി മുഖ്ദാർ പ്രദേശങ്ങളിലെ നിലവിലുള്ള പഴയ കടൽഭിത്തി 2004-ലെ പ്രകൃതി ക്ഷോഭത്തിൽ തകർന്നത് യുദ്ധകാലാടിസ്ഥാനത്തിൽ പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ള സ്ഥലങ്ങളുടെ വിവരം ചുവടെ നൽകുന്നു.

പൂവ്വാർ, കൊല്ലംകോട്, വിഴിഞ്ഞം, കോവളം, പനത്തറക്കര, പുന്തുറ, വലിയതുറ, വേളി, പെരുമാതുറ, താഴപ്പള്ളി, അഞ്ചുതെങ്ങ്, കാപ്പിൽ, വർക്കല, താന്നി, ഇരവിപുരം, കോവിൽതോട്ടം, ശക്തികുളങ്ങര, ചവറ, ആലപ്പാട്, ചെറിയഴീക്കൽ, ബള്ളനാതുരുത്ത്, പെരുംപള്ളി, തറയിൽകടവ്, ആറാട്ടുപുഴ, വലിയഴീക്കൽ, തൃക്കുന്നപ്പുഴ, പണിശ്ശേരി, അന്ധകാരനഴി, ഒറ്റവശ്ശേരി, വിജയപുർക്കുമുതൽ കാഞ്ഞിരച്ചിറ വരെ, വണ്ടാനം, വൈപ്പിൻ ദ്വീപ്, ചെല്ലാനം ദ്വീപ്, ഏറിയാട്ടു മുതൽ കുളിമുട്ടം വരെയും, ബ്ളാങ്ങാട്ട് കടപ്പുറം, വാടാനാപ്പള്ളി കടപ്പുറം, പൊന്നാനി ലൈറ്റ് ഹൗസിനു സമീപം 340 മീറ്റർ നീളത്തിലും, ബീവിജറോം, കോഴിക്കോട് കോർപ്പറേഷന്റെ സൗത്ത് ബീച്ച്, മാന്ദമംഗലം, വലിയപ്പള്ളി, കാപ്പാട്, എലങ്ങൂർ, തയ്യിൽ.

(സി) കോതി കടൽ തീരത്തിന്റെ കടൽഭിത്തി അറ്റകുറ്റപ്പണി നടത്തുന്നതിനും വള്ളിക്കണ്ടി, മുഖ്ദാർ എന്നിവിടങ്ങളിൽ പുതിയ കടൽഭിത്തി പണിയുന്നതിനും വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

തിരുവനന്തപുരം നഗരത്തിൽ ചരിത്ര മ്യൂസിയം സ്ഥാപിക്കാൻ നടപടി

185 [1875] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇന്ത്യയിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ ഇപ്പോൾ പ്രസ്തുത മ്യൂസിയം പ്രവർത്തിക്കുന്നുണ്ടെന്നറിയുമോ;

(ഡി) നിർദ്ദിഷ്ഠ തിരുവനന്തപുരം മ്യൂസിയത്തിന്റെ സംഘാടക ചുമതല പ്രധാനപ്പെട്ട ഒരു ഉദ്യോഗസ്ഥനെ ഏൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ;

(ഇ) തിരുവിതാംകൂർ, കൊച്ചി, മലബാർ മേഖലകളിൽ സ്വാതന്ത്ര്യസമര പ്രക്ഷോഭവുമായി ബന്ധപ്പെട്ട രക്തസാക്ഷിത്വം വരിച്ച ദേശാഭിമാനികളുടെ ജീവചരിത്രം, ചിത്രങ്ങൾ, ഇതര രേഖകൾ എന്നിവ മ്യൂസിയത്തിൽ ശേഖരിക്കാൻ നിർദ്ദേശിക്കുമോ;

(എഫ്) ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭവുമായി ബന്ധപ്പെട്ട് വധശിക്ഷയ്ക്കും ജീവപര്യന്തം തടവിനും വിധിക്കപ്പെട്ടവരുടെ കേസു സംബന്ധിച്ച രേഖകളും ജീവിത ദർശനങ്ങളും റഫറൻസിനായി ഈ മ്യൂസിയത്തിൽ ഉൾപ്പെടുത്തുമോ;

(ജി) പ്രസ്തുത മ്യൂസിയത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സ്വാതന്ത്ര്യ സമര സേനാനികൾ, ചരിത്രകാരന്മാർ, ആർക്കിടെക്ടുകൾ എന്നിവരടങ്ങിയ ഒരു ഉന്നതതല സമിതിക്ക് രൂപം നൽകുമോ?

ഉത്തരം

(എ ആന്റ് ബി) സ്വാതന്ത്ര്യസമര ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതു സംബന്ധിച്ച് പുരാരേഖാ വകുപ്പുമായി സഹകരിച്ച് ഒരു പ്രോജക്ട് എസ്റ്റിമേറ്റ് പുരാവസ്തു ഡയറക്ടർ തയ്യാറാക്കി വരുന്നു.

(സി) വിശദാംശങ്ങൾ ലഭ്യമല്ല.

(ഡി) മ്യൂസിയം സ്ഥാപിക്കുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

(ഇ) സ്വാതന്ത്ര്യസമര സംഭവങ്ങൾ ഉൾക്കൊള്ളുന്ന മൂവായിരത്തോളം ചരിത്രരേഖകൾ, പുരാരേഖാ വകുപ്പിൽ ശാസ്ത്രീയമായി സംരക്ഷിച്ചുവരുന്നു. ഇവ ഇക്കാര്യത്തിനായി ഉപയോഗിക്കാവുന്നതാണ്.

(എഫ്) ഉൾപ്പെടുത്തുന്നതാണ്.

(ജി) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ മദ്യത്തിനു വേണ്ടിയുള്ള പ്രതിശീർഷ ചെലവ്

186 [1940] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

„ പി. ടി. തോമസ് :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04 കാലഘട്ടത്തിൽ ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉല്പാദിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ പ്രതിശീർഷ ചെലവ് എത്രയാണ്:

LIBRARY ARCHIVES Kerala Legislative Assembly